**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2708** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേയ്ക്ക് മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ഹാപ്പിനസ് പാർക്കിന്റെ മദ്ധ്യത്തിലൂടെ കടന്നുപോകുന്ന ഹൈടെൻഷൻ/ ലോ ടെൻഷൻ ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് 25.02.2025-ന് സമർപ്പിച്ച 223/എം (ഇഎൽഇ)/വിഐപി/ ആർഎൽ/2025 നമ്പർ നിവേദനത്തിന്മേൽ കെ. എസ്. ഇ. ബി. എൽ സി. എം. ഡി. നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഹാപ്പിനസ് പാർക്ക് സ്ഥാപിച്ചിരിക്കുന്നത് പുതിയേടം മഞ്ഞപ്പെട്ടി റോഡിൽ ശക്തൻ തമ്പുരാന്റെ വേനൽക്കാല വസതിയായിരുന്ന പാലസിന്റെ മതിലിനോട് ചേർന്നാണ്. പാർക്കിൽ നിന്നും **4** മീറ്ററോളം ദൂരത്തിൽ പാർക്കിന്റെ എതിർ ഭാഗത്തിലൂ ടെയാണ് **11 KV / LT** വൈദ്യുതലൈൻ കടന്ന് പോകുന്നത്. പാർക്കിന്റെ പ്രവർത്ത നത്തിന് ഈ ലൈൻ ഒരു തടസ്സമായി കാണുന്നില്ല. **11 KV** ലൈൻ അണ്ടർ ഗ്രൗണ്ട് കേബിൾ ആക്കി മാറ്റിയാലും **LT** ലൈൻ ഇവിടെ നിലനിൽക്കുന്നതാണ്. **11 kV** ലൈൻ **UG** കേബിൾ ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ബഹു: ആലുവ എം.എൽ.എ ശ്രീ. അൻവർസാദത്തിന്റെ ആവശ്യപ്രകാരം മുൻപ് എടുത്തിട്ടുള്ളതും ഇതിന് ഏകദേശം **50** ലക്ഷത്തിന്റെ ചിലവ് കണക്കാക്കി യിട്ടുള്ളതുമാകുന്നു. ഫണ്ട് ലഭ്യമല്ലാത്തതി നാൽ പ്രവർത്തി ചെയ്യാൻ സാധിച്ചില്ല. **RDSS** പദ്ധതിപ്രകാരം പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി ഈ പരാതി ലഭിക്കുന്നതിന് മുമ്പ് തന്നെ അവസാനിച്ചതിനാൽ **RDSS** പദ്ധതിയിൽ ഈ പ്രവർത്തി ഉൾപ്പെടുത്തുവാനും സാധിച്ചിട്ടില്ല.<br><br>എന്നാൽ പാർക്കിന്റെ അവസാനഭാഗത്ത് പാർക്കിനോട് ചേർന്ന് ഒരു **LT 3** ഫേസ് ലൈൻ കടന്ന് പോകുന്നത് **ABC** ഉപയോഗിച്ച് ദ്യുതി **2025-26** സ്കീമിൽ ഉൾപ്പെടുത്തി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവർത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ വിഷയത്തിൽ സി.എം.ഡി. നാളിതുവരെ എന്തെങ്കിലും റിപ്പോർട്ടുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിന്റെ **പകർപ്പ് ഇതോടോപ്പം ഉള്ളടക്കം ചെയ്യുന്നു.** |
| (സി) | ഈ വിഷയത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഹാപ്പിനസ് പാർക്ക് സ്ഥാപിച്ചിരിക്കുന്നത് പുതിയേടം മഞ്ഞപ്പെട്ടി റോഡിൽ ശക്തൻ തമ്പുരാന്റെ വേനൽക്കാല വസതിയായിരുന്ന പാലസിന്റെ മതിലിനോട് ചേർന്നാണ്. പാർക്കിൽ നിന്നും **4** മീറ്ററോളം ദൂരത്തിൽ പാർക്കിന്റെ എതിർ ഭാഗത്തിലൂ ടെയാണ് **11 KV / LT** വൈദ്യുതലൈൻ കടന്ന് പോകുന്നത്. പാർക്കിന്റെ പ്രവർത്ത നത്തിന് ഈ ലൈൻ ഒരു തടസ്സമായി കാണുന്നില്ല. **11 KV** ലൈൻ അണ്ടർ ഗ്രൗണ്ട് കേബിൾ ആക്കി മാറ്റിയാലും **LT** ലൈൻ ഇവിടെ നിലനിൽക്കുന്നതാണ്. **11 kV** ലൈൻ **UG** കേബിൾ ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ബഹു: ആലുവ എം. എൽ. എ ശ്രീ. അൻവർസാദത്തിന്റെ ആവശ്യപ്രകാരം മുൻപ് എടുത്തിട്ടുള്ളതും ഇതിന് ഏകദേശം **50** ലക്ഷത്തിന്റെ ചിലവ് കണക്കാക്കി യിട്ടുള്ളതുമാകുന്നു. ഫണ്ട് ലഭ്യമല്ലാത്തതി നാൽ പ്രവർത്തി ചെയ്യാൻ സാധിച്ചില്ല. **RDSS** പദ്ധതിപ്രകാരം പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി ഈ പരാതി ലഭിക്കുന്നതിന് മുമ്പ് തന്നെ അവസാനിച്ചതിനാൽ **RDSS** പദ്ധതിയിൽ ഈ പ്രവർത്തി ഉൾപ്പെടുത്തുവാനും സാധിച്ചിട്ടില്ല.<br><br>എന്നാൽ പാർക്കിന്റെ അവസാനഭാഗത്ത് പാർക്കിനോട് ചേർന്ന് ഒരു **LT 3** ഫേസ് ലൈൻ കടന്ന് പോകുന്നത് **ABC** ഉപയോഗിച്ച് ദ്യുതി **2025-26** സ്കീംമിൽ ഉൾപ്പെടുത്തി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവർത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"
KSEB കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 - ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004.
പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം
വൈദ്യുതി ഭവനം, പൂപ്പാനി റോഡ്, പെരുമ്പാവൂർ പിൻ - 683 542
ഫോൺ നം. : 0484-2526252, 9496008885 ഫാക്സ്:0484-2526252
ഇ-മെയിൽ : dycepbvr@gmail.com
വെബ് സൈറ്റ് kseb.in CIN : U40100KL2011SGC027424

എല്ലാവർക്കും വൈദ്യുതി

നമ്പർ .ഇ സി പി /ജി ബി/2025-26/ഹാപ്പിനെസ്സ് പാർക്ക്-റിപ്പോർട്ട് / 195 തീയതി: 03.10.2025

സ്വീകർത്താവ്

ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ &എസ് സി എം )
വൈദ്യുതി ഭവനം
പട്ടം, തിരുവനന്തപുരം

സർ ,

വിഷയം:-കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ഹാപ്പിനസ് പാർക്കിന്റെ മദ്ധ്യത്തിലൂടെ കടന്നുപോകുന്ന ഹൈടെൻഷൻ / ലോടെൻഷൻ ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച് -

സൂചന:-1)21/02/2025 തീയതിയായ് ഈ കാര്യാലയത്തിൽ ലഭിച്ചഅങ്ങയുടെ കാര്യാലയത്തിൽനിന്നുള്ളപരാതി.No.KSEBL/DIR/DIST/213/2025AE21/118148/2025

2)01/10/2025 തീയതിയായ് ഈ കാര്യാലയത്തിൽ ലഭിച്ച അങ്കമാലി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട്.

F-7
DD,S(m)

അങ്കമാലി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് 25.02.2025 തീയതിയിൽ നൽകിയ പരാതിയിൽ കാഞ്ഞൂർ പാലസ് റോഡിൽ സ്ഥാപിച്ചിരിക്കുന്ന ഹാപ്പിനസ് പാർക്കിന്റെ മുകളിലൂടെ പോകുന്ന 11kv/LT വൈദ്യുതി ലൈൻ UG കേബിൾ ആക്കി മാറ്റണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ടി പരാതി കിട്ടിയപ്പോൾ ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കയുണ്ടായി. സ്ഥല പരിശോധനയിൽ ഹാപ്പിനസ് പാർക്ക് സ്ഥാപിച്ചിരിക്കുന്നത് പുതിയേടം മഞ്ഞപ്പെട്ടി റോഡിൽ ശക്തൻ തമ്പുരാന്റെ വേനൽക്കാല വസതിയായിരുന്ന പാലസിന്റെ മതിലിനോട് ചേർന്നാണ്. KSEB യുടെ 11 Kv / LT വൈദ്യുതലൈൻ ടി പാർക്കിനോട്ചേർന്നുള്ള റോഡിന്റെ എതിർ വശത്താണ്. പാർക്കിൽ നിന്നും 4 മീറ്ററോളം ദൂരത്തിൽ പാർക്കിന്റെ എതിർ ഭാഗത്തിലൂടെയാണ് 11 KV / LT വൈദ്യുതലൈൻ കടന്ന് പോകുന്നത്. പാർക്കിന്റെ പ്രവർത്തനത്തിന് ഈ 11 Kv/LT ലൈൻ ഒരു തടസ്സമായി കാണുന്നില്ല. 11Kv ലൈൻ അണ്ടർ ഗ്രൗണ്ട് ആക്കിയാലും LT ലൈൻ ഇവിടെ നിലനിൽക്കുന്നതാണ്. 11kV ലൈൻ UG കേബിൾ ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ബഹു: ആലുവ എം.എൽ.എ ശ്രീ. അൻവർസാദത്തിന്റെ ആവശ്യപ്രകാരം മുൻപ് എടുത്തിട്ടുള്ളതാകുന്നു. ഇതിന് ഏകദേശം 50 ലക്ഷത്തിന്റെ ചിലവ് വരുമെന്ന് അറിയിച്ചിട്ടുള്ളതാണ്.

RDSS പദ്ധതിപ്രകാരം പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി ഈ പരാതി ലഭിക്കുന്നതിന് മുമ്പ് തന്നെ അവസാനിച്ചതിനാൽ RDSS പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ പാർക്കിന്റെ അവസാനഭാഗത്ത് പാർക്കിനോട് ചേർന്ന് ഒരു LT 3 ഫേസ്

ലൈൻ കടന്ന് പോകുന്നത് ABC ഉപയോഗിച്ച് ദ്യുതി 2025-26 സ്കീമിൽ ഉൾപ്പെടുത്തി മാറ്റുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ ,

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**

**ഇലക്ട്രിക്കൽ സർക്കിൾ പെരുമ്പാവൂർ**

**ഉള്ളടക്കം :-** **അങ്കമാലി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട്.**

സെക്ഷൻ ഓഫീസർ